## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 5004

30-06-2014 ൽ മറുപടിക്ക്

## എക്സൈസ് സേനയ്ക്ക് വയർലെസ് സംവിധാനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.പി.വിൻസെന്റ് :<br>ശ്രീ. കെ.ശിവദാസൻ നായർ :<br>ശ്രീ. റ്റി.എൻ.പ്രതാപൻ :<br>ശ്രീ. വർക്കല കഹാർ : | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും, തുറമുഖവും, എക്സൈസും വകുപ്പ് മന്ത്രി) |
| എ) എക്സൈസ് സേനയ്ക്ക് വയർലെസ് സംവിധാനം ഒരുക്കുവാൻ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ; | എ) എക്സൈസ് വകുപ്പിൽ പോലീസ് ടെലികമ്മ്യൂണിക്കേഷൻ വിംഗിന്റെ സഹായത്തോടെ വയർലെസ് സംവിധാനം സ്ഥാപിക്കുവാൻ പദ്ധതി തയ്യാറാക്കിയിട്ടുണ്ടായിരുന്നു. എന്നാൽ ചില സാങ്കേതിക കാണങ്ങൾ മൂലം പോലീസ് ടെലികമ്മ്യൂണിക്കേഷൻ വിംഗിന് ടി പദ്ധതി നടപ്പിലാക്കാൻ കഴിയാത്ത സാഹചര്യത്തിൽ, ടി വകുപ്പിന്റെ സഹായത്തോടുകൂടി എക്സൈസ് വകുപ്പ് തന്നെ ടി പദ്ധതി നടപ്പിലാക്കാൻ തീരുമാനിക്കുകയും, സർക്കാർ ഉത്തരവ് നം. 192/14/റ്റി.ഡി തീയതി 07-03-2014 പ്രകാരം ഒരു ടെക്നിക്കൽ കമ്മിറ്റി രൂപീകരിക്കുകയുമുണ്ടായി. എന്നാൽ 2013-14 സാമ്പത്തിക വർഷം സമയക്കുറവ് മൂലം വകുപ്പിൽ വയർലെസ്സ് സംവിധാനം സ്ഥാപിക്കുവാനുള്ള നടപടിക്രമങ്ങൾ പൂർത്തീകരിക്കുവാൻ കഴിഞ്ഞിട്ടില്ലാത്തതാകുന്നു. |
| ബി) സേനാ നവീകരണ പദ്ധതിയിൽ വയർലെസ് സംവിധാനത്തിന് രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ ; എങ്കിൽ ഇതിന് വരുന്ന ചെലവ് വ്യക്തമാക്കാമോ ; | ബി) സേനാ നവീകരണ പദ്ധതിയിൽ വയർലെസ് സംവിധാനത്തിന് രൂപരേഖ തയ്യാറാക്കിയിട്ടുണ്ടായിരുന്നു. ആയതിന് ഏകദേശം 2 കോടി രൂപ ചെലവ് വരുന്നതാണ്. എന്നാൽ ടി സംവിധാനം സാങ്കേതിക കാരണങ്ങളാൽ നടപ്പിലാക്കുവാൻ സാധിച്ചിട്ടില്ല. |
| സി) ഫീൽഡ് ഡ്യൂട്ടിയിൽ ഏർപ്പെടുന്ന എക്സൈസ് ഉദ്യോഗസ്ഥരെ വയർലസ് സംവിധാനത്തിലൂടെ ജില്ലാടിസ്ഥാനത്തിൽ ബന്ധിപ്പിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ ; | സി) പദ്ധതി തയ്യാറാക്കിയിട്ടുണ്ടായിരുന്നു. എന്നാൽ ടി സംവിധാനം നടപ്പിലാക്കാൻ സാധിച്ചിട്ടില്ല. |
| ഡി) എക്സൈസ് സേനയെ ആധുനികവത്കരിക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ ? | ഡി) നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ